മാവോയിസ്റ്റ് ആക്രമണങ്ങൾ

251 (253) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് ശക്തിപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2014 ജനുവരി മുതൽ സംസ്ഥാനത്ത് എത്ര മാവോയിസ്റ്റ് ആക്രമണങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആക്രമണ സംഭവങ്ങളിൽ എത്രപേരുടെ പേരിലാണ് കേസ് എടുത്തിട്ടുള്ളത് ; ആരെയെങ്കിലും ഇതിന്റെ പേരിൽ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) നീറ്റാ ജലാറ്റിൻ കമ്പനിയുടെ ഓഫീസ് ആക്രമിച്ചത് മാവോയിസ്റ്റുകളാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വന പ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സമീപകാലത്തായി മാവോയിസ്റ്റ് സാന്നിദ്ധ്യം സംശയിക്കുന്നു.

(ബി) 3 ആക്രമങ്ങളിൽ സാന്നിദ്ധ്യമുള്ളതായി സംശയിക്കുന്നു.

(സി) വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം 142/2014 നമ്പർ കേസിൽ മാവോയിസ്റ്റ് പ്രവർത്തകനായ ശ്രീപേഷും മറ്റു കണ്ടാൽ അറിയാവുന്ന നാലുപേരുമാണ് പ്രതികൾ. മറ്റു രണ്ടുകേസുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

(ഡി) നീറ്റാ ജലാറ്റിൻ കമ്പനിയുടെ ഓഫീസ് ആക്രമിച്ചത് മാവോയിസ്റ്റുകൾ ആണെന്ന് നിലവിൽ സ്ഥിരീകരിച്ചിട്ടില്ല. പക്ഷേ മാവോയിസ്റ്റുകളാണ് ആക്രമണത്തിന് പിന്നിലെന്ന് സംശയിക്കുന്നു. അന്വേഷണം പുരോഗമിക്കുന്നു.

അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട്

252 (254) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് (യു.എ.പി.എ.) എന്ത് ഉദ്ദേശത്തോടെയാണ് കൊണ്ടുവന്നതെന്ന് അറിയാമോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായി, അതുമായി യാതൊരു ബന്ധവുമില്ലാത്ത കേസുകളിൽ ബാധക മാക്കുന്നതായിട്ടുള്ള പരാതി സംസ്ഥാനത്ത് വന്നിട്ടുള്ളതായി അറിയാമോ ; എങ്കിൽ സംസ്ഥാന പോലീസ് എഫ്.ഐ.ആർ. ഇട്ടത് ഏത് കേസിലാണ് ; കതിരൂരിലെ ബി.ജെ.പി പ്രവർത്തകൻ കൊലചെയ്യപ്പെട്ട സംഭവത്തിൽ പോലീസ് ഇട്ട എഫ്.ഐ.ആറിൽ യു.എ.പി.എ. ചേർത്തത് ആരുടെയെല്ലാം നിർദ്ദേശത്തെ തുടർന്നാണ് ; പ്രസ്തുത എഫ്.ഐ.ആറിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) രാജ്യത്തിന്റെ പലഭാഗത്തും ന്യൂനപക്ഷങ്ങൾക്കെതിരെ ദുരുപയോഗം ചെയ്യപ്പെട്ട കരിനിയമമായി ആക്ഷേപിക്കപ്പെട്ട പ്രസ്തുത നിയമം സംസ്ഥാനത്തും ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും, ഇപ്രകാരം തെറ്റായതെന്ന ആക്ഷേപമുള്ള നടപടികൾ തിരുത്താനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വ്യക്തികളുടെയും സംഘങ്ങളുടെയും ചില നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ കൂടുതൽ കാര്യക്ഷമമായ നടപടി സ്വീകരിക്കുകയാണ് നിയമത്തിന്റെ ലക്ഷ്യം.

(ബി) പരാതി ലഭിച്ചിട്ടുണ്ട്. യു.എ.പി.എ.-യുടെ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായി സംസ്ഥാന പോലീസ് ഒരു കേസിലും ഈ നിയമം ഉൾപ്പെടുത്തിയിട്ടില്ല.

കതിരൂരിലെ ബി.ജെ.പി. പ്രവർത്തകൻ കൊലചെയ്യപ്പെട്ട കേസിൽ (നമ്പർ 780/14 കതിരൂർ പി.എസ്., കണ്ണൂർ ജില്ല) യു.എ.പി.എ. ചേർത്തത് സംഭവം സംബന്ധിച്ച് ലഭിച്ച ആദ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത എഫ്.ഐ.ആറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) സംസ്ഥാന പോലീസ് പ്രസ്തുത നിയമം ദുരുപയോഗം ചെയ്തിട്ടില്ല.

ഹോസ്ദുർഗ് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി അഭിലാഷിന്റെ മരണം

253 (255) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് ഗവ.ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി അഭിലാഷ് ദുരൂഹ സാഹചര്യത്തിൽ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly